# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 891 — 09/8/2017 -ലെ മറുപടി

## ചൊവ്വര വാട്ടർ സപ്ലൈ സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഭരണാനുമതി നൽകിയിരുന്ന ചൊവ്വര വാട്ടർ സപ്ലൈ സ്കീം ഏതെല്ലാം മേഖലയ്ക്ക് വേണ്ടിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) പറവൂർ മുനിസിപ്പാലിറ്റി, ചേന്ദമംഗലം. ഏഴിക്കര, കോട്ടുവള്ളി, കുഴുപ്പിള്ളി, പള്ളിപ്പുറം, എടവനക്കാട്, വടക്കേക്കര. ചിറ്റാറ്റുകര, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും ഞാറക്കൽ പഞ്ചായത്തിൽ ഭാഗികമായും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയാണ് ചൊവ്വര പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. |
| (ബി) പറവൂർ-വൈപ്പിൻ മേഖലയുടെ കുടിവെള്ളാവശ്യം നിർവ്വഹിക്കുന്നതിന് ചൊവ്വര പദ്ധതിയിൽ നിന്നും എത്ര എം.എൽ.ഡി വെള്ളമാണ് കൊടുക്കുക എന്ന് വിശദമാക്കാമോ; | (ബി) 50 എം.എൽ.ഡി വെള്ളം |
| (സി) വൈപ്പിൻ മേഖലയ്ക്ക് ആവശ്യമുള്ള വെള്ളവും ഇപ്പോൾ വിതരണം ചെയ്യുന്ന വെള്ളവും എത്ര എം.എൽ.ഡി വീതമാണെന്ന് വ്യക്തമാക്കാമോ; | (സി) വൈപ്പിൽ മേഖലയ്ക്ക് ആവശ്യമായ 27 എം.എൽ.ഡി ജലം ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്. |
| (ഡി) 2025-ഓടുകൂടി വൈപ്പിൻ മേഖലയ്ക്ക് എത്ര എം.എൽ.ഡി വെള്ളം വേണ്ടി വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) 2025-ഓടുകൂടി വൈപ്പിൻ മേഖലയ്ക്ക് 31 എം.എൽ.ഡി വെള്ളം വേണ്ടിവരുമെന്നു കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/